**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3425** **15-02-2024 - ൽ മറുപടിയ്ക്ക്**

**പരവൂർ കുനയിൽ ഗവ.എൽ.പി. സ്കൂളിന് കുടിവെള്ള കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ കുനയിൽ ഗവ.എൽ.പി. സ്കൂളിന് കോവിഡ് കാലത്ത് ഉപയോഗിക്കാത്ത ജലത്തിന് ചുമത്തിയ ഭീമമായ വെള്ളക്കരം ഒഴിവാക്കുന്നതിനും സ്കൂളിലെ കുടിവെള്ള കണക്ഷൻ പുനഃസ്ഥാപിക്കുന്നതിനുമായി നവകേരള സദസ്സിൽ സമർപ്പിച്ച കെ.എൽ.എം.1260926 നമ്പർ നിവേദനത്തിന്മേൽ തുടർ നടപടികൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നവകേരള സദസ്സിന്റെ വെബ് സൈറ്റിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം കൊല്ലം ജില്ലാ കളക്ടർക്ക് ലഭിച്ച പ്രസ്തുത നിവേദനം വാട്ടർ അതോറിറ്റി കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 09.02.2024 ന് കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂളിന് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സ്കൂളിലെ കുടിവെള്ളം, വൈദ്യുതി എന്നിവയുടെ ചുമതല തദ്ദേശ സ്ഥാപനങ്ങൾ ആണ് നിർവ്വഹിക്കുന്നത്. വെള്ളക്കരത്തിന്റെ കുടിശ്ശിക തദ്ദേശ സ്ഥാപനമായ പരവൂർ മുനിസിപ്പാലിറ്റി അടയ്ക്കുവാൻ തയ്യാറാകാത്തതിനാൽ വാട്ടർ അതോറിറ്റി കണക്ഷൻ വിച്ഛേദിച്ചിരുന്നു. ആയത് പുനസ്ഥാപിക്കുന്നതിന് സ്കൂൾ അധികൃതർ മുനിസിപ്പാലിറ്റിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ